## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5253** — **12-08-2021 - ൽ മറുപടിയ്ക്ക്**

## കാസർകോട് ജില്ലയിലെ സ്റ്റാമ്പ് വെൻഡർമാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ജില്ലയിൽ എത്ര സ്റ്റാമ്പ് വെൻഡർമാരുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; | (എ) | ആകെ 15 വെണ്ടർമാരാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്ത് തലത്തിൽ:- ചെങ്കള–3, ബദിയഡുക്ക–1, തൃക്കരിപ്പൂർ–1, ബളാൽ-1, മഞ്ചേശ്വരം-2, ഉദുമ-1, കള്ളാർ-1 മുനിസിപ്പാലിറ്റി തലത്തിൽ:- കാസർഗോഡ്-1, നീലേശ്വരം-2, കാഞ്ഞങ്ങാട്-2 |
| (ബി) | ഏത് പഞ്ചായത്തിലെ ഏത് വെൻഡറാണ് ഏറ്റവും കൂടുതൽ വ്യവഹാരം നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കൂടുതൽ മുദ്രയും മുദ്രപ്പത്രങ്ങളും വ്യവഹാരം നടത്തുന്നത് ചെങ്കള പഞ്ചായത്തിൽ കാസറഗോഡ് സബ് ട്രഷറിയുടെ പരിധിയിലുള്ള സ്റ്റാമ്പ് വെണ്ടർ ശ്രീ. ഗോകുലനായ്ക്ക് കെ. ആണ്. |
| (സി) | സ്റ്റാമ്പ് വെൻഡറിനായി അപേക്ഷിച്ച എല്ലാപേർക്കും അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി അനുമതി നൽകാൻ ബാക്കിയുള്ളവർ ആരാണെന്നും കാലതാമസത്തിന് കാരണമെന്താണെന്നും വ്യക്തമാക്കാമോ; | (സി) | സ്റ്റാമ്പ് വെണ്ടർ നിയമനത്തിനുള്ള അപേക്ഷകളൊന്നും നിലവിലില്ല; കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ ഹോസ്ദുർഗ്ഗ് സബ് ട്രഷറിയുടെ കീഴിൽ ഒരു സ്റ്റാമ്പ് വെണ്ടർ ഒഴിവുണ്ട്; സംസ്ഥാനത്ത് ഇ-സ്റ്റാമ്പിങ് പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ നിലവിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് നൽകുന്നില്ല. |
| (ഡി) | ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് സ്റ്റാമ്പ് വെൻഡർമാരെ നിയമിക്കാൻ ബാക്കിയുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ? | (ഡി) | സ്റ്റാമ്പ് വെണ്ടർ നിയമനത്തിനുള്ള അപേക്ഷകളൊന്നും നിലവിലില്ല; കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ ഹോസ്ദുർഗ്ഗ് സബ് ട്രഷറിയുടെ കീഴിൽ ഒരു സ്റ്റാമ്പ് വെണ്ടർ ഒഴിവുണ്ട്; സംസ്ഥാനത്ത് ഇ-സ്റ്റാമ്പിങ് പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ നിലവിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ